"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം മൊറയൂർ ഗ്രാമപഞ്ചായത്ത് - നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് - ഗവ.ആയുർവേദ ഡിസ്പെൻസറിക്കായി കെട്ടിട നിർമ്മാണം - പുതുക്കിയ ഭരണാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(പി.പി) വകുപ്പ്

സ.ഉ.(സാധാ) നം.887/2023/LSGD തീയതി,തിരുവനന്തപുരം, 17-04-2023

പരാമർശം:-
1. 06.05.2013 തീയതിയിലെ സ.ഉ.(സാധാ) നം. 1219/2013/തസ്വഭവ ഉത്തരവ്.
2. 13.03.2019 ലെഡിഎ2/349/2018-തസ്വഭവ നമ്പർ കത്ത്
3. WP(C) No.19841/2021 റിട്ട് പെറ്റീഷനിൽ ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച 11.11.2021 തീയതിയിലെ ഉത്തരവ്.
4. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 12.01.2022 തീയതിയിലെ DB4/3461/17/CE/LID&EW നമ്പർ കത്ത്.
5. ബഹു. മലപ്പുറം എം.എൽ.എയുടെ 26.08.2022 തീയതിയിലെ PU/101/2022/ADS/MPM നമ്പർ കത്ത്.
6. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) 03.11.2022 തീയതിയിലെ ആർ.ഡി.3.518/22 നമ്പർ കത്ത്.
7. ബഹു. മലപ്പുറം എം.എൽ.എയുടെ 20.03.2023 തീയതിയിലെ PU/101/2023/ADS/MPM നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) പ്രകാരം മലപ്പുറം ജില്ല മൊറയൂർ ഗ്രാമപഞ്ചായത്തിലെ 'ഗവ.ആയുർവേദ ഡിസ്പെൻസറിക്കായി കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിക്ക്' ബഹു.മലപ്പുറം എം.എൽ.എയുടെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്ന് 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി നിർവ്വഹിച്ചു.

പ്രസ്തുത പ്രവൃത്തിയ്ക്ക് 3 തവണ ടെൻഡർ നടപടികൾ നടന്നെങ്കിലും 25 ലക്ഷം രൂപയ്ക്ക് മേൽപ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാർ ആരും തയ്യാറാവാതെ വരുകയും തുടർന്ന് ഏറ്റവും കുറഞ്ഞ ടെണ്ടറായ കരാറുകാരനായ ശ്രീ.രാമകൃഷ്ണൻ സമർപ്പിച്ച എസ്റ്റിമേറ്റ് തുകയിൽ നിന്നും 74.94 % അധികരിച്ച തുക പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ അംഗീകരിക്കുകയും കരാർ തുകയായ 36,58,746 രൂപയ്ക്ക് മേൽപ്രവൃത്തി ഏറ്റെടുക്കയും 04/03/2016 തീയതിയിൽ പ്രവൃത്തി പൂർത്തീകരിക്കാനുള്ള കരാറിൽ ഏർപ്പെടുകയും ചെയ്തു. പ്രവൃത്തി പൂർത്തീകരണ വേളയിൽ

എസ്റ്റിമേറ്റിൽ ചില മാറ്റങ്ങൾ വരികയും ടി മാറ്റങ്ങൾ കൂടി ഉൾപ്പെടുത്തി കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കുകയും പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ completion certificate അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് റിവൈസ്ഡ് എസ്റ്റിമേറ്റ് സർക്കാരിലേക്ക് സമർപ്പിക്കുകയും തുക അനുവദിക്കുന്നതിനായി 3735710/- രൂപയുടെ ബിൽ സമർപ്പിക്കുകയും ചെയ്തു.

എന്നാൽ 04.08.2018 ലെ സ.ഉ(അച്ചടി) നം.119/2018/ധന നമ്പർ ഉത്തരവ് പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലുള്ള നിയോജക മണ്ഡലം ആസ്തി വികസന പദ്ധതികൾക്ക മാത്രമേ tender excess /savings പരിഗണിക്കാൻ നിർവ്വാഹമുള്ളുവെന്നും ആയതിനാൽ മൊറയൂർ ഗ്രാമ പഞ്ചായത്തിൽ ഗവ.ആയുർവേദ ഡിസ്പെൻസറിയ്ക്കായി കെട്ടിട നിമ്മാണത്തിന് അധികരിച്ച തുക ഉൾപ്പെടെ ഭരണാനുമതി പുതുക്കി നൽകാൻ നിർവ്വാഹമില്ലെന്ന് പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.തുടർന്ന് ബിൽ സമർപ്പിച്ചെങ്കിലും ഭരണാനുമതി പ്രകാരമുള്ള തുകയായ 25 ലക്ഷം മാത്രമാണ് അനുവദിച്ചത്. റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച ലഭിക്കാതെ ബാക്കി ബിൽ തുക നല്കാൻ നിർവ്വാഹമില്ലെന്നു പൊതുമരാമത്തു വകുപ്പ് കരാറുകാരനെ അറിയിക്കുകയും തുടർന്ന് ബാക്കി തുകയായ 1235710/- രൂപ പലിശസഹിതം അനുവദിക്കണമെന്നാവശ്യപ്പെട്ട് കരാറുകാരൻ ബഹു.ഹൈക്കോടതി മുൻപാകെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു. കരാറുക്കാരന് ബാക്കി തുക മൂന്നു മാസത്തിനുള്ളിൽ നൽകുന്നതിന് എതിർകക്ഷിയായ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് പരാമർശം (3) പ്രകാരം ബഹു കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. .

കരാറുകാരന് അധികം ചെലവായ തുകയായ 12,35,710 രൂപ അനുവദിക്കുന്നതിനായി 2012-2013 സാമ്പത്തിക വർഷത്തെ ടെണ്ടർ സേവിംഗ്സ് തുക ഒന്നും തന്നെ അവശേഷിക്കുന്നില്ലാത്തതിനാലും കോവിഡ് സാഹചര്യത്തിൽ ഫണ്ട് വെട്ടികുറച്ചതിനാലും മണ്ഡലത്തിലെ മറ്റ് പ്രധാനപെട്ട വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിച്ചതിനാലും 2022-23 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിൽ നിന്ന് പ്രസ്തുത തുക അനുവദിക്കാൻ നിർവ്വാഹമില്ലെന്നും മുൻ വർഷങ്ങളിലെ ടെൻഡർ സേവിങ്സ് ഉണ്ടെങ്കിൽ അതിൽനിന്നും നിയമപ്രകാരം കരാറുകാരൻ ചിലവഴിച്ച തുക നൽകാമെന്നും ആയതിന്റെ വിശദാംശങ്ങൾ ബഹു.എം.എൽ.എയെ അറിയിക്കണമെന്നും ബഹു.എം.എൽ.എ പരാമർശം (5) പ്രകാരം അറിയിച്ചു.

തുടർന്ന് ബഹു. എം.എൽ.എ യുടെ 2017-2018 സാമ്പത്തിക വർഷം മുതലുള്ള നിയോജക മണ്ഡലത്തിലെ എം.എൽ.എ ആസ്തി വികസന ഫണ്ടിന്റെ ടെൻഡർ സേവിംഗ്സ് സംബന്ധിച്ച പരാമർശം (6) പ്രകാരം മലപ്പുറം അസ്സിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൊറയൂർ ആയുർവേദ ഡിസ്പെൻസറി കെട്ടിട നിർമാണം എന്ന പ്രവൃത്തിയുടെ കരാറുകാരന് അധികം ചെലവായ തുകയായ 12,35,710/- രൂപ 2017-18 മുതൽ 2019-20 വരെയുള്ള വർഷങ്ങളിലെ ടെൻഡർ സേവിങ്സിൽ നിന്ന് അനുവദിക്കുന്നതിന് ബഹു. മലപ്പുറം എം.എൽ.എ പരാമർശം (7) പ്രകാരം ശിപാർശ നൽകിയിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം ബഹു. മലപ്പുറം എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ മൊറയൂർ ഗ്രാമപഞ്ചായത്തിലെ 'ഗവ.ആയുർവേദ ഡിസ്പെൻസറിക്കായി കെട്ടിട നിർമ്മാണം' എന്ന പ്രവൃത്തിക്ക് 37,35,710/-രൂപയുടെ പുതുക്കിയ

ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ടി പ്രവൃത്തിയുടെ കരാറുകാരന് നൽകാനുള്ള അധിക തുകയായ 12,35,710/- ബഹു. മലപ്പുറം എം.എൽ.എയുടെ 2017-18 മുതൽ 2019-20 വരെയുള്ള വർഷങ്ങളിലെ ടെൻഡർ സേവിങ്സിൽ നിന്ന് അനുവദിക്കുന്നതിനും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

പകർപ്പ്

ബഹു.മലപ്പുറം എം.എൽ.എ ശ്രീ. ടി.ഉബൈദുള്ള (ആമുഖ കത്ത് സഹിതം)

അഡ്വക്കേറ്റ് ജനറൽ, എറണാകുളം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

ജില്ലാ കളക്ടർ, മലപ്പുറം

സെക്രട്ടറി മൊറയൂർ ഗ്രാമപഞ്ചായത്ത്

എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് (കെട്ടിട) വകുപ്പ്, മലപ്പുറം.

ട്രഷറി ഡയറക്ടർ

ധനകാര്യ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ